"ഭരണഭാഷ-മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തൊടുപുഴ നഗരസഭ - ഇടുക്കി - ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് - 2007-08 - ഖണ്ഡിക 3.(20) - ഓഡിറ്റ് തടസ്സം - സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്

ജി.ഒ (ആർ.ടി) നം.2219/13/തസ്വഭവ. തിരുവനന്തപുരം,തീയതി: 02/09/2013

പരാമർശം:- 1) തൊടുപുഴ നഗരസഭാ സെക്രട്ടറിയുടെ 18/03/2013-ലെ G7-8841/11 നമ്പർ കത്തും 14/09/2010-ലെ 5-ാം നമ്പർ തീരുമാനവും.

2) ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 18/07/2013-ലെ LF-7448/ML2/13 നമ്പർ കത്ത്.

## ഉത്തരവ്

തൊടുപുഴ നഗരസഭയുടെ 2007-08 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(20) പ്രകാരം ക്യാരിബാഗ് നിർമ്മാണ പരിശീലനത്തിൽ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത 12 പേർക്ക് പരിശീലനം നൽകുന്നതിന് ചെലവഴിച്ച 15,600/- രൂപയും ഫുഡ് പ്രോസസിംഗ് പരിശീലനത്തിൽ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത 10 പേർക്ക് പരിശീലനത്തായി ചെലവഴിച്ച 20,000/- രൂപയും ഉൾപ്പെടെ ആകെ 35,600/-രൂപ 2007-08 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റിൽ ഖണ്ഡിക 3(20) പ്രകാരം നിരാകരിച്ചിരുന്നു. ആയതിന് സാധൂകരണ നൽകണമെന്നാവശ്യപ്പെട്ടു കൊണ്ട് നഗരസഭയുടെ 14/09/2010-ലെ 5-ാം നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം 1 പ്രകാരം തൊടുപുഴ നഗരസഭ സെക്രട്ടറി ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

പരിശീലന സമയത്ത് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിരുന്ന ചില വനിതകൾ എത്തിച്ചേരാതിരുന്നതു മൂലം മറ്റൊരു തൊഴിൽ പരിശീലന

പരിപാടിയായ ജൂട്ട് ബാഗ്/ക്ലോത്ത് ബാഗ് നിർമ്മാണ പരിശീലനത്തായി തെരഞ്ഞെടുക്കപ്പെട്ട ചില ഗുണഭോക്താക്കളെ കൂടി പ്രസ്തുത പരിശീലന പരിപാടിയിൽ ഉൾപ്പെടുത്തുകയാണ് ഉണ്ടായതെന്ന നിർവ്വഹണ ഉദ്യോഗസ്ഥന്റെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ ഓഡിറ്റ് തടസ്സപ്പെടുത്തിയ ചെലവുകൾക്ക് സാധൂകരണം നൽകാവുന്നതാണെന്ന് പരാമർശം 2 പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. മേൽ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ തൊടുപുഴ നഗരസഭയുടെ 2007-08 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 3(20) പ്രകാരം നിരാകരിച്ച 35,600/- രൂപ (മുപ്പത്തി അയ്യായിരത്തി അറനൂറ് രൂപ മാത്രം) യുടെ ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
എ. ജവഹറാബീവി,
ഡെപ്യൂട്ടി സെക്രട്ടറി.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി
സെക്രട്ടറി, തൊടുപുഴ മുനിസിപ്പാലിറ്റി
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ